സേവന സന്നദ്ധതയുള്ള സർവ്വീസിൽനിന്നും വിരമിച്ച കൃഷി ഓഫീസർമാർ മുഖേനയും സേവനം ലഭ്യമാക്കാനും സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും അതിനനുസൃതമായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അംഗങ്ങൾക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ കാർഷിക വായ്പ ബാങ്കുകൾ വഴി നൽകിവരുന്നു. ബ്ലോക്ക് തലത്തിൽ സഹകരണ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെന്ററിന്റെ സേവനവും നൽകിവരുന്നു.

മുട്ടത്തറ കേപ്പ് എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണം

168 (535) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചത് എന്നാണ് ; പ്രസ്തുത നിർമാണം എത്ര ദിവസം കൊണ്ട് പൂർത്തിയാക്കാനാണ് കരാറിൽ നിഷ്കർഷിച്ചിരിക്കുന്നത് ;

(ബി) പ്രസ്തുത കരാറിന് സമയം ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തവണ ഇപ്രകാരം സമയം കൂട്ടുതൽ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട് എന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(സി) പുതുക്കിയ കരാർ പ്രകാരം പണി എന്നത്തേക്കു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ; പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാനും പുരോഗതി വിലയിരുത്താനും ചുമതലയുള്ള കേപ്പിലെ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 24-1-2014-ൽ മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണം ആരംഭിച്ചു. പ്രസ്തുത നിർമ്മാണം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് കരാറിൽ നിഷ്കർഷിച്ചിരുന്നത്.

(ബി) ഉണ്ട്. രണ്ട് തവണ സമയം കൂട്ടുതൽ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആദ്യം 23-4-2015 വരെയും രണ്ടാമത് 31-10-2015 വരെയും സമയം കൂട്ടുതൽ അനുവദിച്ച് കൊടുത്തിട്ടുണ്ട്.

(സി) പണി 31-12-2015-നുമുൻപ് പൂർത്തിയാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുരോഗതി വിലയിരുത്തുവാൻ കേപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly